F2/284/18-Health

SCAN

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യവകുപ്പ് - ജീവനക്കാര്യം - കുടുംബാരോഗ്യകേന്ദ്രങ്ങളിലെ നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡന്റ് എന്നിവരുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും പുന:ക്രമീകരിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്**

**സ.ഉ.(കൈ) നം.140/2018/ആകുവ** **തീയതി, തിരുവനന്തപുരം,19/07/2018**

---

**<u>ഉത്തരവ്</u>**

ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളം മെച്ചപ്പെട്ട ആരോഗ്യ സൂചികകൾ കൈവരിച്ചിട്ടുണ്ട്. എന്നിരുന്നാലും ജനസംഖ്യാ ഘടനയിലും രോഗാതുരതയിലും ഉണ്ടായിരിക്കുന്ന പ്രകടമായ വ്യത്യാസം മൂലം പുതിയതരം വെല്ലുവിളികളെയാണ് നാം നേരിട്ടു കൊണ്ടിരിക്കുന്നത്. ജീവിത ശൈലീ രോഗങ്ങൾ, ഒരിക്കൽ നിയന്ത്രണ വിധേയമായ പകർച്ചവ്യാധികളുടെ പുന:പ്രവേശനം, പുതിയതരം സാംക്രമിക രോഗങ്ങൾ, ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ, അപകടങ്ങൾ, മുറിവുകൾ, പ്രതികൂല പാരിസ്ഥിതിക പ്രശ്നങ്ങൾ എന്നിവ കാരണമുണ്ടാകുന്ന ഉയർന്ന രോഗാതുരതയെ നാം നേരിടേണ്ടിയിരിക്കുന്നു. ജനതയുടെ മാറിയ ആരോഗ്യ ആവശ്യങ്ങൾ ഫലപ്രദവും സമഗ്രവുമായി കൈകാര്യം ചെയ്യാൻ നിലവിലുള്ള ആരോഗ്യ സംവിധാനം പര്യാപ്തമല്ല. ഇതുകൊണ്ട് തന്നെ ജനതയുടെ ആരോഗ്യ ചെലവുകൾ വളരെയധികം വർദ്ധിച്ച സംസ്ഥാനമായി കേരളം മാറിക്കഴിഞ്ഞു.

ഈ മാറിയ സാഹചര്യത്തിൽ സമഗ്ര പ്രാഥമികാരോഗ്യ സംരക്ഷണ സേവനങ്ങൾ നൽകുന്ന നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡന്റ് ഉൾപ്പെടെ മുഴുവൻ ആരോഗ്യ സേവകരുടെയും ചുമതലകളും ഉത്തരവാദിത്തങ്ങളും പുന:നിർവചിക്കേണ്ടത് അത്യാവശ്യമാണ്.

ആയതിനാൽ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡന്റ് എന്നിവരുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും താഴെപ്പറയും വിധം പുന:ക്രമീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

## I. പൊതു ഉത്തരവാദിത്തങ്ങൾ

I.1. കുടുംബാരോഗ്യ കേന്ദ്ര ടീം അംഗമെന്ന നിലയിൽ സ്ഥാപനം നൽകി വരുന്ന സേവനങ്ങളുടെ ഭാഗമായി നിൽക്കേണ്ടതും ജനസൗഹൃദപരമായ പെരുമാറ്റം കാഴ്ചവയ്ക്കേണ്ടതുമാണ്.

I.2. ശരിയായതും വൃത്തിയുള്ളതുമായ യൂണിഫോമും തിരിച്ചറിയൽ കാർഡും ധരിച്ച് ജോലിയ്ക്ക് ഹാജരാവുക.

I.3 സ്ഥാപനത്തിലെത്തുന്ന വ്യക്തികളോട് അവരുടെ മാനസിക ശാരീരിക സമ്മർദ്ദം ലഘൂകരിക്കുന്ന രീതിയിൽ സൗമ്യതയോടുകൂടി പരസ്പര ബഹുമാനത്തോടെ വ്യക്തമായും പൂർണ്ണമായും സമയോചിതമായും ആശയ വിനിമയം നടത്തേണ്ടതാണ്.

I.4 രജിസ്ട്രേഷൻ വേളയിൽ നിർദ്ദേശിക്കപ്പെട്ട രീതിയിൽ വിവരസമാഹരണം നടത്തി രേഖപ്പെടുത്തേണ്ടതാണ്.

I.5 അടിയന്തര വൈദ്യസഹായം ആവശ്യമായ രോഗികളെ പെട്ടെന്ന് ചികിത്സ ലഭ്യമാക്കുന്നതിനുവേണ്ട സഹായം നൽകേണ്ടതാണ്.

I.6. ഭിന്നശേഷിക്കാരെയും സഹായം ആവശ്യമുള്ള മുതിർന്ന പൗരന്മാരുൾപ്പെടെയുള്ളവരെയും വീൽചെയർ/ട്രോളിയുടെ സഹായത്തോടെ പരിശോധന സ്ഥലങ്ങളിൽ എത്തിക്കേണ്ടതാണ്.

I.7 ഫോൺകോളുകൾ സ്വീകരിക്കുകയും മാന്യമായി വ്യക്തവും കൃത്യതയുള്ള മറുപടി നൽകുക, അവ രേഖപ്പെടുത്തുകയും ചെയ്യുക.

I.8 മാലിന്യ മുക്ത കേരളത്തിന്റെ ഭാഗമായി സ്ഥാപനത്തിൽ ഗ്രീൻ പ്രോട്ടോകോൾ പാലിക്കുന്നതിൽ അതീവ ശ്രദ്ധ പതിപ്പിക്കുക.

I.9 ആശ്വാസ ഉദ്യാനം, ഔഷധ സസ്യം, പച്ചക്കറിത്തോട്ടം, ഫിഷ് ഹാച്ചറി, അക്വേറിയം എന്നിവയുടെ നിർമ്മാണത്തിലും പരിപാലനത്തിലും പങ്കാളിയാവുക.

I.10 ജനസൗഹൃദ അന്തരീക്ഷം നിലനിർത്താൻ വേണ്ട ഭൗതീക സാഹചര്യങ്ങളും ഉപകരണങ്ങളും (കുടിവെള്ളം, ഇരിപ്പിടം, ടി.വി., ടോക്കൺ, സൈനേജസ്, പത്രം, മാസിക) പ്രവർത്തനക്ഷമമാക്കുകയും കൃത്യമായി പരിപാലിക്കുകയും ചെയ്യേണ്ടതാണ്.

I.11 സ്ഥാപനത്തിലെ കട്ടിൽ, അലമാര, ലോക്കറുകൾ, ചുമർ, ജാലകം, വാതിലുകൾ, വാഷ്ബെയിസിൻ, ട്രോളി, വീൽചെയർ, മറ്റ് ഉപകരണങ്ങൾ എന്നിവ വൃത്തിയായി സൂക്ഷിക്കുക.

I.12 കുടുംബാരോഗ്യ കേന്ദ്രത്തിൽ ഇ-ഹെൽത്ത് സംവിധാനം നടപ്പിലാക്കുന്ന മുറയ്ക്ക് കമ്പ്യൂട്ടർ പരിജ്ഞാനം നേടേണ്ടതാണ്.

I.13 കൂട്ടിരിപ്പുകാർ ഇല്ലാത്ത രോഗികൾക്ക് ആവശ്യമായ സഹായം നൽകുക.

I.14 കുടുംബാരോഗ്യകേന്ദ്രത്തിലെ അണുബാധ നിയന്ത്രണം മാനദണ്ഡങ്ങൾക്കനുസരിച്ച് കർശനമായി പാലിക്കേണ്ടതാണ്.

I.15 കുടുംബാരോഗ്യകേന്ദ്രത്തിലെ മുഴുവൻ സേവനങ്ങളെയും പ്രവർത്തനങ്ങളെയും കുറിച്ച് കൃത്യമായ അറിവ് നേടുകയും അവ രോഗികൾക്കും കൂടെയുള്ളവർക്കും പറഞ്ഞുകൊടുക്കാൻ സന്നദ്ധരാകേണ്ടതുമാണ്.

## II. ക്ലിനിക്കൽ ഉത്തരവാദിത്തങ്ങൾ

### A. നഴ്സിംഗ് അസിസ്റ്റന്റ്

- രോഗികളെ നിർദ്ദേശിക്കുന്ന സ്ഥലത്ത് എത്തിക്കുകയും തിരിച്ചെത്തിക്കുകയും ചെയ്യുക
- പ്രഥമ ശുശ്രൂഷ, മുറിവ് വച്ചുകെട്ടൽ, ലഘു ശസ്ത്രക്രിയ, പ്ലാസ്റ്റർ നീക്കം ചെയ്യൽ, സ്പ്ലിന്റ് തയ്യാറാക്കൽ എന്നിവയ്ക്ക് വേണ്ട സജ്ജീകരണങ്ങൾ തയ്യാറാക്കുക.
- ബെഡ് മേക്കിംഗ്, സ്പഞ്ച് ബാത്ത്, എനിമ, സ്റ്റൊമക്ക് വാഷ്, ബ്ലാഡർ വാഷ്, കത്തീറ്ററൈസേഷൻ, റൈൽസ് ട്യൂബ് ഫീഡിംഗ് എന്നിവയ്ക്ക് നഴ്സിനെ സഹായിക്കുക.
- ORS ലായനി തയ്യാറാക്കി വയ്ക്കുക
- ഹാന്റ് വാഷിംഗ് സൊല്യൂഷൻ, ബ്ലീച്ച് സൊല്യൂഷൻ മറ്റ് അണുനാശിനികൾ എന്നിവ തയ്യാറാക്കി വയ്ക്കുക.
- ഉപകരണങ്ങളും മറ്റ് സാമഗ്രികളും അണുവിമുക്തമാക്കുന്ന പ്രക്രിയകൾ കൃത്യമായി പാലിക്കുക.

- കുടുംബാരോഗ്യ കേന്ദ്രത്തിലെ സ്റ്റോറിൽ നിന്നും സ്റ്റോറിലേയ്ക്കും സാധനങ്ങൾ എത്തിക്കുക.
- അംഗീകൃത മാനദണ്ഡമനുസരിച്ച് ബയോമെഡിക്കൽ വേസ്റ്റ് തരംതിരിച്ച് സൂക്ഷിക്കുക. "ഇമേജ്" മുഖാന്തിരം സംസ്കരിക്കുന്നതിന് വേണ്ട സഹായം നൽകുക.
- ജോലി ചെയ്യുമ്പോൾ അംഗീകൃത മാനദണ്ഡ പ്രകാരം വ്യക്തി സുരക്ഷയ്ക്കാവശ്യമായ മാർഗ്ഗങ്ങൾ സ്വീകരിക്കുക.
- ആശുപത്രിയിൽ നടക്കുന്ന വിവിധതരം ക്ലിനിക്കുകൾ, ലാബ്, ഫാർമസി എന്നിവയ്ക്ക് ആവശ്യമായ സഹായം നൽകുക.

## B. ഹോസ്പിറ്റൽ അറ്റൻഡന്റ്

- രോഗികളെ നിർദ്ദേശിക്കുന്ന സ്ഥലത്ത് എത്തിക്കുകയും തിരിച്ചെത്തിക്കുകയും ചെയ്യുക.
- കുടുംബാരോഗ്യകേന്ദ്രത്തിലെ പ്രവർത്തനം തുടങ്ങുന്നതിനുമുൻപ് തന്നെ കക്കൂസ്, കുളിമുറി ഉൾപ്പെടെ ഓരോ സെക്ഷനും അടിച്ചുവാരി തുടയ്ക്കുകയും അണുനാശിനി ഉപയോഗിച്ച് അണുനാശം നടത്തുകയും ചെയ്യുക.
- തറ, ചുമർ, ജാലകം, വാതിൽ തുടങ്ങിയവയുടെ ശുചീകരണം സമയബന്ധിതമായി പൂർത്തിയാക്കുക.
- ശുചീകരണ പ്രവർത്തനങ്ങൾ നിർദ്ദേശിക്കപ്പെട്ട ഇടവേളകളിൽ തന്നെ ചെയ്യുകയും ചെക്ക് ലിസ്റ്റിൽ രേഖപ്പെടുത്തുകയും ചെയ്യുക
- കക്കൂസ്, കുളിമുറി എന്നിവ ദിവസം കുറഞ്ഞത് രണ്ട് പ്രാവശ്യം വൃത്തിയാക്കുക.
- തൽസമയ ക്ലീനിംഗ് ആവശ്യമായ സാഹചര്യങ്ങളിൽ കൃത്യമായി ചെയ്യുക. (ഉദാ. ഛർദ്ദി, മലമൂത്രവിസർജ്ജനം, രാസവസ്തുക്കൾ മറിയുക, ഭക്ഷണ അവശിഷ്ടങ്ങൾ)
- കിടപ്പ് രോഗികളുടെ വിസർജ്ജ്യ സംസ്കരണം, ബെഡ് പാനുകൾ എടുത്ത് മാറ്റി വൃത്തിയാക്കുക എന്നിവ ചെയ്യുക.
- തരംതിരിച്ച് സൂക്ഷിച്ചിട്ടുള്ള ബയോമെഡിക്കൽ/ജനറൽ മാലിന്യങ്ങൾ മാനദണ്ഡമനുസരിച്ച് സംസ്കരിക്കുക.
- ജോലി ചെയ്യുമ്പോൾ അംഗീകൃത മാനദണ്ഡ പ്രകാരം വ്യക്തി സുരക്ഷയ്ക്കാവശ്യമായ മാർഗ്ഗങ്ങൾ സ്വീകരിക്കുക.
- രോഗികളുടെ രക്തം, സ്രവം, മരുന്ന്, അഴുക്ക് എന്നിവ പുരണ്ട തുണികൾ അണുനാശിനി ലായനിയിൽ മുക്കിവച്ചതിനുശേഷം കഴുകാൻ കൊടുക്കുക.

## III. പ്രവർത്തനസമയവും അടിയന്തര സേവനങ്ങളും

നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡന്റ് എന്നിവരുടെ സേവന സമയം ദിവസം 8 മണിക്കൂർ ആയി നിജപ്പെടുത്തിയിരിക്കുന്നു. ഒരു ജീവനക്കാരൻ മാത്രം ജോലിയിലുള്ള പക്ഷം രാവിലെ 8 മണി മുതൽ വൈകുന്നേരം 4 മണി വരെ പ്രവർത്തിക്കേണ്ടതാണ്. രണ്ടോ അതിൽ കൂടുതലോ ജീവനക്കാരുള്ള പക്ഷം രണ്ട് ഷിഫ്റ്റുകളിലായി വൈകുന്നേരം 6 മണി വരെ മെഡിക്കൽ ഓഫീസറുടെ അംഗീകാരത്തോടെ സ്റ്റാഫ് നഴ്സ് ഇൻ ചാർജ് ക്രമീകരിച്ച് നൽകേണ്ടതാണ്.

## IV. കോൺഫറൻസും പരിശീലനവും

1. കുടുംബാരോഗ്യകേന്ദ്രതലത്തിൽ നടത്തുന്ന മാസാവലോകന മീറ്റിംഗുകളിലും ടീം ബിൽഡിംഗ് യോഗങ്ങളിലും മെഡിക്കൽ ഓഫീസർമാർ നിർദ്ദേശിക്കുന്ന മറ്റ്

യോഗങ്ങളിലും പങ്കെടുക്കേണ്ടതാണ്.

2. നിർദ്ദേശിക്കപ്പെട്ട എല്ലാവിധ പരിശീലന പരിപാടികളിലും കൃത്യമായി പങ്കെടുക്കേണ്ടതാണ്.

**V.** പ്രകൃതി ദുരന്തങ്ങൾ, പകർച്ചവ്യാധി വ്യാപനം, തുടങ്ങിയ പൊതുജനാരോഗ്യ അടിയന്തര ഘട്ടങ്ങളിലും പ്രത്യേക ക്യാമ്പയിനുകളിലും മേൽപ്പറഞ്ഞവയിൽപെടാത്ത ഉത്തരവാദിത്തങ്ങളും മേലധികാരികളുടെ നിർദ്ദേശമനുസരിച്ച് നിർവഹിക്കേണ്ടതാണ്.

**VI.** മെഡിക്കൽ ഓഫീസർ/മേലധികാരികളുടെ ആവശ്യ പ്രകാരം മേൽപറഞ്ഞ ചുമതലകളുമായി സാങ്കേതിക ബന്ധമുള്ള മറ്റ് ഉത്തരവാദിത്തങ്ങളും നിർവഹിക്കാൻ ബാധ്യസ്ഥരാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സി.കെ.വിനോദൻ**
**ഡെപ്യൂട്ടി സെക്രട്ടറി**

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്റർ, കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം
ആരോഗ്യകുടുംബക്ഷേമ (എച്ച്) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്, ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- ആരോഗ്യകുടുംബക്ഷേമ (ഓഫീസ് സെക്ഷൻ) വകുപ്പ്